കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്ത് - 2007-08 - വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡികകൾ 3-1, 3-4 - ചെലവുകൾ - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 2351/2013/തസ്വഭവ    തിരുവനന്തപുരം, തീയതി: 23/09/2013

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 17/11/2012-ലെ എം3-32678/12 നമ്പർ കത്ത്.

2) 16/07/2013-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പിറ്റി3/26275/12 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം ബജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ കവിഞ്ഞും ചെലവഴിച്ച 80,03,089/- രൂപയുടെ ചെലവും ഖണ്ഡിക 3-4 പ്രകാരം പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് ജലസേചന പമ്പ് സെറ്റ് സബ്സിഡി അനുവദിച്ചതിന് 64,000/- രൂപയുടെ ചെലവും ഓഡിറ്റ് നിരാകരിച്ചിരുന്നു.

ആറളം ഗ്രാമപഞ്ചായത്തിൽ 2007-08 വർഷത്തിൽ ഖണ്ഡിക 3-1-ൽ തടസ്സപ്പെടുത്തിയിരുന്ന 80,03,089/- രൂപയുടെ ചെലവിനും ഖണ്ഡിക 3-4-ൽ തടസ്സപ്പെടുത്തിയിരുന്ന 64,000/- രൂപയുടെ ചെലവിനും സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ യഥാക്രമം 10/05/2011-ലെ 153/11(2)-ാം നമ്പർ തീരുമാനവും 26/04/2012-ലെ 52(5)/12-ാം നമ്പർ തീരുമാനവും പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഖണ്ഡിക 3-1 പ്രകാരം തടസ്സപ്പെടുത്തിയ തുകയ്ക്കും ഖണ്ഡിക 3-4 പ്രകാരം തടസ്സപ്പെടുത്തിയ തുകയ്ക്കും സാധൂകരണം ലഭിക്കുന്നതിന് അപേക്ഷിക്കാൻ ശുപാർശ ചെയ്തുകൊണ്ടുള്ള ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 10/09/2012-ലെ യോഗതീരുമാനവും, പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട്

ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ആറളം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ 3-1, 3-4 എന്നിവയിലെ തടസ്സങ്ങൾക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആറളം ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1-ൽ തടസ്സപ്പെടുത്തിയ 80,03,089/- രൂപ, (എൺപത് ലക്ഷത്തി മൂവായിരത്തി എൺപത്തി ഒമ്പത് രൂപ മാത്രം) ഖണ്ഡിക 3-4-ൽ തടസ്സപ്പെടുത്തിയ 64,000/- രൂപ (അറുപത്തിനാലായിരം രൂപ മാത്രം) എന്നീ തുകകൾ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ. ജവഹറാ ബീവി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, ആറളം ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ